GOVERNMENT OF KERALA

Office of the
**COMMISSIONER FOR
ENTRANCE EXAMINATIONS**
Housing Board Buildings, Santhi Nagar
Thiruvananthapuram – 695 001

Telephone : 0471 - 2332120
: 0471 - 2338487
Fax : 0471 - 2337228
E-mail : ceekinfo@cee.kerala.gov.in
Website : www.cee-kerala.org

നം. റ്റി.എ.2/71/3എൽ.എൽ.ബി/പ്ര.പ.ക. തീയതി. 16 .11.2020

പ്രിൻസിപ്പാൾ

സർ ,

വിഷയം: പ്ര.പ.ക.– ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി പ്രവേശനം–ബാർ കൗൺസിൽ അധികമായി അനുവദിച്ച 10% സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നത് –സംബന്ധിച്ച്.

സൂചന: 06.11.2020 ലെ ജി.ഒ.(സാധാ)നം.1394/2020/ഉ.വി. സർക്കാർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യ അധികമായി അനുവദിക്കുന്ന 10% സീറ്റുകളിലേക്ക് സർക്കാർ/സ്വകാര്യ ലോ കോളേജുകളിൽ പ്രവേശനം നടത്തുന്നതിന് **2020 നവംബർ 30 വരെ** സമയം ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പ്രവേശന നടപടികൾ സുതാര്യമായി നടത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അധികമായി അനുവദിച്ചിട്ടുള്ള സീറ്റുകളെ സംബന്ധിച്ച് ബാർ കൗൺസിലിന്റെ അംഗീകാരം ഔദ്യോഗികമായി ലഭിച്ചിട്ടുള്ള ലോ–കോളേജുകൾക്ക് സർവ്വകലാശാലയുടെ അംഗീകാരവും സർക്കാർ ഉത്തരവും ലഭ്യമായിട്ടുണ്ടെങ്കിൽ ബാർ കൗൺസിൽ അധികമായി അനുവദിച്ചിട്ടുള്ള 10% സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്നതാണ്.
2. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം സർവ്വകലാശാലയുടെ അംഗീകാരം, സർക്കാർ ഉത്തരവ് എന്നിവ സ്പോട്ട് അഡ്മിഷന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. സർക്കാർ/സ്വകാര്യ ലോ കോളേജുകളിൽ ബാർ കൗൺസിൽ അധികമായി അനുവദിച്ച 10% സീറ്റുകളുടെ പകുതി സീറ്റുകൾ സർക്കാർ മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം നടത്തേണ്ടതാണ്. അത്തരത്തിൽ പ്രവേശനം നടത്തേണ്ട സീറ്റുകളുടെ സീറ്റ് മെട്രിക്സ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്.
3. പ്രവേശനപരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ഇതുവരെ പ്രവേശനം ലഭിച്ചിട്ടില്ലാത്തതുമായ വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷന് പരിഗണിക്കാൻ പാടുള്ളൂ.

4. സ്പോട്ട് അഡ്മിഷനുവേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിലുള്ള ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് സീറ്റ് മെട്രിക്സിൽ കാറ്റഗറി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതാത് കാറ്റഗറി സീറ്റുകളിൽ പ്രവേശനം നൽകേണ്ടതാണ്.
5. ഒഴിവുള്ള കാറ്റഗറി സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി സംവരണ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ഹാജരായിട്ടില്ല എങ്കിൽ പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് അത്തരം സീറ്റുകൾ convert ചെയ്യാവുന്നതും തദ്ദനുസരണം പ്രവേശനം നൽകാവുന്നതുമാണ്.
6. പ്രിന്റ്/ഇലക്ട്രോണിക്/ദൃശ്യ മാധ്യമങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ പരസ്യം നൽകി വേണം സ്പോട്ട് അഡ്മിഷൻ നടത്തേണ്ടത്.
7. നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ 11 മണിക്ക് മുമ്പായി വിദ്യാർത്ഥികൾ കോളേജിൽ ഹാജരാകാൻ നിർദ്ദേശം നൽകേണ്ടതും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ സൂക്ഷിക്കേണ്ടതുമാണ്.
8. പ്രോസ്പെക്ടസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് അനുസരിച്ചുള്ള എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും പ്രവേശന സമയത്ത് വിദ്യാർത്ഥി ഹാജരാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
9. ശ്രീനാരായണ ലോ കോളേജ്, പൂന്തോട്ട, ബാർ കൗൺസിലിന്റെ ഉത്തരവും സർവ്വകലാശാലയിൽ നിന്നുള്ള അംഗീകാരത്തിന്റെ ഉത്തരവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതും നിർദ്ദേശാനുസരണം സ്പോട്ട് അഡ്മിഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
10. സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവരക്കോണം തിരുവനന്തപുരം ബാർ കൗൺസിലിന്റെ ഉത്തരവും സർക്കാരിൽ നിന്നുള്ള എൻ.ഒ.സി യും സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാല അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതും നിർദ്ദേശാനുസരണം സ്പോട്ട് അഡ്മിഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
11. ബാർ കൗൺസിൽ/സർക്കാർ/സർവ്വകലാശാല ഉത്തരവുകൾ ലഭ്യമായിട്ടുള്ള ഗവൺമെന്റ്/സ്വകാര്യ സ്വാശ്രയ ലോ കോളേജുകൾ ആയത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. തുടർന്ന് സീറ്റ് മെട്രിക്സ് വിവരങ്ങൾ ബന്ധപ്പെട്ട കോളേജുകളെ അറിയിക്കുന്നതും തദ്ദനുസരണം സ്പോട്ട് അഡ്മിഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രവേശന നടപടികൾ സുതാര്യമായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പ്രവേശന പരീക്ഷാ കമ്മീഷണർ